എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ സ്കിൽ ഗ്യാപ്, അഭിരുചി എന്നിവ വിവിധ അസ്സസ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തുകയും സോഫ്റ്റ് സ്കിൽസ്, ഇംഗ്ലീഷ് ആശയവിനിമയശേഷി തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകുന്നു.

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളേയും പങ്കെടുപ്പിച്ചുകൊണ്ട് മെഗാജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് വകുപ്പിനുകീഴിലുള്ള 84 എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർ വൽക്കരിക്കുകയും കേരള NIC വികസിപ്പിച്ച തൊഴിൽ സോഫ്റ്റ്വെയർ ഉപയോഗിച്ച് ഈ ഓഫീസുകളുടെ ഡാറ്റാ ഡിജിറ്റൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുവേണ്ടി കേരള NIC-യുമായി സഹകരിച്ച് ഒരു ഓൺലൈൻ സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനായി കരാറിൽ ഒപ്പ് വയ്ക്കുകയും ആയതിന്റെ ജോലികൾ പുരോഗമിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് സ്ഥിര നിയമനം ലഭിക്കുകയാണെങ്കിൽ ടി വിവരം അവരുടെ രജിസ്ട്രേഷൻ റെക്കോർഡിൽ രേഖപ്പെടുത്തി പ്രത്യേകമായി സൂക്ഷിക്കാറുണ്ട്. നിയമനവിവരം ലഭ്യമാക്കാത്ത കേസ്സുകളിൽ ഉദ്യോഗദായകന് കത്തുനൽകി നിയമനവിവരം ലഭ്യമാക്കി നടപടി സ്വീകരിക്കാറുണ്ട്.

നൈപുണ്യ വികസന അക്കാഡമികൾ

215 (2495) ശ്രീ. വർക്കല കഹാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസന അക്കാഡമികൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) വിവിധ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിലേക്കായി തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സെക്ഷൻ 8 ഗവൺമെന്റ് കമ്പനികളിൽ പ്രവർത്തിച്ചുവരുന്നു. ആഗോളവൽക്കരണത്തെത്തുടർന്ന് ആധുനിക ലോകത്തെ വിവിധ മേഖലകൾക്കനുസൃതമായി ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് KASE-ന്റെ പ്രധാന ലക്ഷ്യം.

(സി) KASE മുഖേന വിവിധ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തി അനുവദിച്ചിട്ടുണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) -ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വൈസ് ചെയർമാനും ആയുള്ള അഡ്വൈസറി കൗൺസിലും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ കീഴിൽ നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനവും കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ, കേരളത്തിൽ ആദ്യമായി അദ്ധ്യാപകർക്കായുള്ള മികവിന്റെ കേന്ദ്രം കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കുകയും അതുവഴി തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

7 എംപ്ലോയബിലിറ്റി സെന്ററുകൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. കൂടാതെ മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കൺസ്ട്രക്ഷൻ മേഖലയിലെ തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിലേക്കായി കൊല്ലം ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത സ്ഥാപനം 2016 മാർച്ച് മാസത്തിൽ പ്രവർത്തനം ആരംഭിക്കും. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR) അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു. ഇവിടെത്തന്നെ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങളും ദ്രുതഗതിയിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു.

തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.

216 (2496) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ യിൽ, ഈ സർക്കാർ ഭരണാനുമതി നൽകി പ്രാവർത്തികമാക്കിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ പുതുതായി ആരംഭിച്ച ട്രേഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly